# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂലൈ 30, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

(നിയമസഭാ കയ്യാങ്കളി കേസുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ചോദ്യോത്തര വേളയിൽത്തന്നെ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

## I. ശ്രദ്ധക്ഷണിക്കൽ

### പുനരുദ്ധാരണ പാക്കേജ്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അസംഘടിത തൊഴിൽ മേഖലയിൽ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിനും ഖാദി കൈത്തറി മേഖലയിലെ കൂലി കുടിശ്ശിക നൽകുന്നതിനും റിബേറ്റ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): മിനിമം വേതന പദ്ധതിപ്രകാരം ഖാദി തൊഴിലാളികൾക്കായി 22 കോടി രൂപ വിതരണം ചെയ്തതുകൂടാതെ കോവിഡ് ബാധിച്ച തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രസ്തുത കാലയളവിൽ 2000 രൂപ വീതവും ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾക്ക് 1000 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. 2020-ലെ ഓണക്കാലത്ത് സർക്കാർ അനുവദിച്ച 1500 രൂപയുടെ ഉത്സവബത്തയ്ക്കുപുറമേ 250 രൂപ വീതം അധികമായി നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റിന് പുറമേ 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായി അനുവദിച്ചിട്ടുണ്ട്. എല്ലാ നെയ്ത്ത് തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡുവഴി ധനസഹായം

വിതരണം ചെയ്യുകയും കോവിഡ് പശ്ചാത്തലത്തിൽ ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിനായി 74.35 കോടി രൂപയുടെ പ്രത്യേക പാക്കേജിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. ബീഡി തൊഴിലാളികളുടെ ഉന്നമനത്തിനുള്ള പദ്ധതികൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 5000 രൂപയുടെ ഖാദി തുണിത്തരങ്ങൾ 2999 രൂപയ്ക്ക് വിൽക്കുന്ന ഒരു സ്കീം ഓണത്തോടനുബന്ധിച്ച് ആരംഭിച്ചിട്ടുണ്ട്. കൈത്തറി തുണിത്തരങ്ങൾ പരമാവധി ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് നിയമസഭാംഗങ്ങൾ പങ്കാളികളാകണം. ഖാദി-കൈത്തറി മേഖലയിലെ അവശേഷിക്കുന്ന കൂലി കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; റിബേറ്റിന്റെ കാര്യം പരിശോധിക്കുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## II. സബ്മിഷൻ

### 1. സ്പെഷ്യൽ ഫീസ് ഒഴിവാക്കുന്നതിന് നടപടി

ഡോ. കെ. ടി. ജലീൽ: കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷത്തെ പ്ലസ് ടു വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസ് ഒഴിവാക്കി ഉത്തരവുണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): 2020-21 അധ്യയനവർഷം സംസ്ഥാനത്തെ സ്കൂളുകൾ ഔദ്യോഗികമായി തുറന്ന് പ്രവർത്തിക്കുകയോ വിദ്യാർത്ഥികൾക്ക് ഹാജർ നിർബന്ധമാക്കുകയോ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ഒൻപത്, പത്ത് ക്ലാസ്സുകളിലെ സ്പെഷ്യൽ ഫീസ് കോവിഡ് കാലം പരിഗണിച്ച് ഒഴിവാക്കിയതുപോലെ പ്ലസ് ടു വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസും ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. രണ്ടാം വർഷ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ നിന്നും ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഇനത്തിൽ ഈടാക്കേണ്ട തുക സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിനായി വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ചിട്ടുള്ള ഫയലിന്മേൽ ഉടൻ തീരുമാനമുണ്ടാകുന്നതാണ്.

## 2. ചുരം റോഡ് വികസനം

ശ്രീ. ഇ. കെ. വിജയൻ: കോഴിക്കോട്/വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന കുറ്റ്യാടി-പക്രംതളം-മാനന്തവാടി ചുരം റോഡ് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോഴിക്കോട്/വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും ബാംഗ്ലൂർ-മൈസൂർ എന്നിവിടങ്ങളിലേയ്ക്ക് പോകുന്നതുമായ കുറ്റ്യാടി-പക്രംതളം-മാനന്തവാടി ചുരം റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്. പന്ത്രണ്ടോളം ഹെയർപിൻ വളവുകളുള്ള ടി റോഡിൽ വാഹനങ്ങളുടെ സുഗമമായ നീക്കത്തിന് ഉടമസ്ഥർ സ്ഥലം സൗജന്യമായി വിട്ടുനൽകുന്നപക്ഷം വളവുകൾ സ്റ്റാൻഡേർഡൈസ് ചെയ്ത് പുനർനിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുചേർക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

3. കാട്ടാക്കട കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ പ്രവർത്തനം

ശ്രീ. ഐ. ബി. സതീഷ്: കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസുകളുടെ കുറവുമൂലമുണ്ടായിട്ടുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിനാവശ്യമായ 4250 ബസുകൾ സജ്ജമാക്കുകയും ബാക്കിയുള്ളവ സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. കാട്ടാക്കട ഡിപ്പോയ്ക്ക്

അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകളിൽ നിലവിൽ കുറവുള്ള 2 ഫാസ്റ്റ് പാസ്സഞ്ചർ ബസുകളും 4 ഓർഡിനറി ബസുകളും ഡിസ്ട്രിക്ട് കോമൺപൂളിൽനിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## III. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ചെറുകിട വ്യാപാരി-വ്യവസായികൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി

കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് നടപ്പാക്കിയ ലോക്ഡൗണും മറ്റ് നടപടികളും നിമിത്തം ചെറുകിട വ്യാപാരി-വ്യവസായികൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## 2. സാമാന്യമായി പൊതുതാത്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

### 1. പുതിയ വിദ്യാഭ്യാസ നയ രൂപീകരണം

ശ്രീ. എം. വിജിൻ: "വിജ്ഞാനം പകർന്നു നൽകുന്നതോടൊപ്പം ജ്ഞാന നിർമ്മിതി കൂടി നടക്കേണ്ടതാണ് ഉന്നത വിദ്യാഭ്യാസ രംഗം. ശ്രേണീബദ്ധമായ സമൂഹത്തിലെ യുവതയ്ക്ക് കടമ്പകൾ മറികടക്കാൻവേണ്ട അവസരം ലഭ്യമാക്കുകയെന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാകേണ്ടതാണ്. ജനായത്ത സമൂഹസൃഷ്ടിയുടെ മൂലക്കല്ലാകണം ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിജ്ഞാനാർജ്ജനത്തിനും നൈപുണിശേഷി വികസനത്തിനും സാംസ്കാരിക വികാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാകണം വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടത്. പൊതുലിസ്റ്റിൽ (കൺകറന്റ് ലിസ്റ്റ്)പ്പെടുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയ രൂപീകരണം സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും കൂലങ്കഷമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരുന്നതാകണം. ദൗർഭാഗ്യവശാൽ ദേശീയ വിദ്യാഭ്യാസ നയം 2020, കേന്ദ്ര സർക്കാർ ഫെഡറൽ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളത്. രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും

പിന്നാക്ക ജാതികളിലുംപെട്ട പാർശ്വവൽകൃതർക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ട സംവരണം പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യാത്തത് ആശങ്കാജനകമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്നത് പാർശ്വവൽകൃതരെ മുഖ്യധാരയിൽനിന്ന് പുറന്തള്ളുമെന്നത് അവിതർക്കിതമാണ്. 'Tenure Track' എന്ന പേരിൽ അദ്ധ്യാപക നിയമനം താത്കാലിക കരാർ അടിസ്ഥാനത്തിലാക്കുന്നത് ദീർഘകാല അദ്ധ്യാപന പരിചയത്തിലൂടെയും നിരന്തര ഗവേഷണത്തിലൂടെയും സ്വയംനവീകരണ പ്രക്രിയയിലൂടെയും മികവിന്റെ പാത കൈവരിക്കുന്നതിന് വിഘാതമാണ്. ഇത് അദ്ധ്യാപന, ഗവേഷണ നിലവാരം ഇടിച്ചുതാഴ്ത്താൻ വഴിവയ്ക്കും. ഉന്നത വിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്ന നിലവിലെ ദേശീയ വിദ്യാഭ്യാസ നയം 2020, പിൻവലിച്ച് വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ രാഷ്ട്രതാൽപര്യം സംരക്ഷിക്കുന്നതിനനുയോജ്യമായ പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു"എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വിജിൻ: കുട്ടികളെ സമൂഹത്തിനുതകുന്ന വ്യക്തികളാക്കി മാറ്റാൻ കഴിയുന്നതാകണം വിദ്യാഭ്യാസ നയം. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രഖ്യാപിച്ച പുതിയ വിദ്യാഭ്യാസ നയത്തിൽ കേന്ദ്ര സർക്കാരിന്റെ ചില അജണ്ടകൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. 3 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം അവകാശമായി കാണുന്നതിനുപകരം സ്കൂൾപ്രാപ്യത ലഭ്യമാക്കുമെന്നതിലേയ്ക്ക് പരിമിതപ്പെടുത്തുകയാണ് ചെയ്തത്. 30 കുട്ടികളില്ലാത്ത സ്കൂളുകൾ പൂട്ടണമെന്ന നയത്തിലെ നിർദ്ദേശം നടപ്പാക്കിയാൽ ഇന്ത്യയിലെ 40% സ്കൂളുകളും അടച്ചുപൂട്ടേണ്ടി വരും. പുതിയ നയം ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നതും സ്കൂൾ വിദ്യാഭ്യാസത്തെ കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് മാറ്റുന്നതും ഉന്നത വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും തകർക്കുന്നതുമാണ്. പുതിയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിലൂടെ വിദ്യാഭ്യാസത്തിന്റെ പൂർണ്ണ നിയന്ത്രണം കേന്ദ്ര സർക്കാരിലെത്തുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള സംവരണത്തെക്കുറിച്ച് പുതിയ നയത്തിൽ പ്രതിപാദിച്ചിട്ടില്ല. ദേശീയ വിദ്യാഭ്യാസ നയം പിൻവലിച്ച് വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതിയ വിദ്യാഭ്യാസ നയം

രൂപീകരിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. ജനാധിപത്യമൂല്യങ്ങളെ അട്ടിമറിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ പുതിയ വിദ്യാഭ്യാസ നയത്തിന് രൂപം കൊടുത്തിട്ടുള്ളത്. വിദ്യാഭ്യാസ നയരൂപീകരണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അഭിപ്രായസമന്വയമുണ്ടാകാത്തതും ചരിത്ര ഗവേഷണ കൗൺസിലിന്റെ ഉന്നതസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയെ നിയമിക്കാൻ തീരുമാനിച്ചതും അപലപനീയമാണ്. വിദ്യാഭ്യാസ വൈവിദ്ധ്യത്തെയും ശാസ്ത്രീയതയെയും തകർക്കാനും സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ വിദ്യാഭ്യാസത്തിൽ നിന്നും അകറ്റാനുമാണ് പുതിയ വിദ്യാഭ്യാസ നയത്തിലൂടെ ലക്ഷ്യമിടുന്നത്. ടി നിയമം നടപ്പിലാക്കുന്നതിലൂടെ ഗ്രാമീണ സ്കൂളുകൾ ഇല്ലാതാവുകയും നഗരമേഖലയിലെ സ്കൂളുകളിൽ മാത്രം പൊതുവിദ്യാഭ്യാസം കേന്ദ്രീകരിക്കുന്ന രീതി നിലവിൽ വരികയും ചെയ്യും. സർവ്വകലാശാലകളുടെ ജനാധിപത്യവേദികളും സ്വഭാവവും ഇല്ലാതാവുകയും സ്ഥിര അദ്ധ്യാപകർക്ക്

പകരം കരാറടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുകയും വിദ്യാർത്ഥികളുടെ ഗ്രാന്റുകളും ഫെല്ലോഷിപ്പുകളും വെട്ടിക്കുറയ്ക്കുകയും ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾ പിരിച്ചുവിടേണ്ട സ്ഥിതി സംജാതമാകുകയും ചെയ്യും.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ദേശീയ വിദ്യാഭ്യാസ നയം 2020 എന്ന നയരേഖ കേരളത്തിൽ സൃഷ്ടിക്കാനിടയുള്ള പ്രതിഫലനങ്ങളെക്കുറിച്ച് പ്രത്യേക സമിതിയെ നിയോഗിച്ചും വിദ്യാഭ്യാസ വിചക്ഷണർ/വിവിധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ വിശദമായ പഠനം നടത്തി ചർച്ചയ്ക്ക് വിധേയമാക്കുകയും നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. അഫിലിയേറ്റിംഗ് സർവ്വകലാശാലകൾ പാടില്ലെന്ന നിർദ്ദേശം സാധാരണക്കാർക്കും ദുർബല ജനവിഭാഗങ്ങൾക്കും ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാക്കുന്നതാണ്. വിദ്യാഭ്യാസ സംബന്ധിയായ വിഷയങ്ങളിൽ സംസ്ഥാനങ്ങൾക്ക് ഭരണഘടന നൽകിയിട്ടുള്ള അധികാരം കവർന്നെടുക്കാനും വിദ്യാഭ്യാസ സങ്കല്പങ്ങൾ അട്ടിമറിച്ച് കേന്ദ്രത്തിന് പൂർണ്ണ അധികാരം നൽകാനുമുള്ള ആസൂത്രിത ശ്രമമാണ് കരട് രേഖയിലുള്ളത്. ഗവേഷണ വിഷയങ്ങളും പ്രോജക്ടുകളും കണ്ടെത്താനും ഫണ്ട് ചെയ്യാനും

അംഗീകരിക്കാനുമുള്ള അധികാരം നാഷണൽ റിസർച്ച് ഫൗണ്ടേഷന് മാത്രമായി നൽകി വികേന്ദ്രീകൃത സമീപനവും സമ്പ്രദായവും ഇല്ലായ്മ ചെയ്യാനുള്ള ശ്രമം അപലപനീയമാണ്. കരട് ദേശീയ വിദ്യാഭ്യാസ നയത്തിൽ ദേശീയ സാക്ഷരതാ മിഷന്റെ ജയപരാജയങ്ങൾ വിലയിരുത്തുകയോ സാക്ഷരതാ ലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല. പ്രൈമറി തലത്തിൽത്തന്നെ ത്രിഭാഷാ സമ്പ്രദായം നടപ്പാക്കുന്നത് കുട്ടികളുടെ പഠനഭാരം വർദ്ധിപ്പിക്കും. സംസ്കൃതത്തിന് നൽകുന്ന അമിത പ്രാധാന്യം ആശങ്കാവഹമാണ്. പട്ടികജാതി-പട്ടികവർഗ്ഗം ഉൾപ്പെടെയുള്ള പാർശ്വവത്കൃത വിഭാഗങ്ങളുടെ പങ്കാളിത്തവും ശാക്തീകരണവും കരട് രേഖയിൽ ഉറപ്പാക്കിയിട്ടില്ല. പൊതു-സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരേ മാനദണ്ഡപ്രകാരം നിയന്ത്രിക്കാനുള്ള നീക്കം സ്വീകാര്യമല്ല. യു.ജി.സി.-ക്ക് പകരം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ കൊണ്ടുവരുന്നത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അസ്ഥിത്വം ഇല്ലാതാക്കും. വിദ്യാർത്ഥി പ്രവേശനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിനും സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ പ്രാപ്യത സംബന്ധിച്ചും പരാമർശിച്ചിട്ടില്ല. ലിബറൽ ആർട്സ് സമ്പ്രദായം

പഠനത്തിന്റെ ഗൗരവവും സത്തയും നഷ്ടപ്പെടുത്തുന്നതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ അദ്ധ്യാപകരുടെയും ഗവേഷകരുടെയും കഴിവുകൾക്കും മനോവീര്യത്തിനും ശോഷണം വരുത്തുന്നതും അദ്ധ്യാപകവൃത്തി അനാകർഷകമാക്കുന്നതുമായ ശിപാർശകൾ ഒഴിവാക്കപ്പെടേണ്ടതാണ്. നവ വൈജ്ഞാനിക സമൂഹസൃഷ്ടിക്കാവശ്യമായ വിദ്യാഭ്യാസ പരിഷ്കരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലോകോത്തര നിലവാരമുള്ള സ്ഥാപനങ്ങൾവഴി സാമൂഹ്യനീതിയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച പഠനങ്ങളും നിഗമനങ്ങളും വിമർശനങ്ങളും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ നയത്തിന്റെ പ്രതിലോമകരമായ വശങ്ങളെക്കുറിച്ചുള്ള സമീപന രേഖ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്നുള്ളതിനാൽ പ്രമേയം അംഗീകരിക്കുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(ii) സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ കടന്നുകയറ്റം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: "ഭരണഘടനയിലെ 7-ാം പട്ടിക 32-ാം ഇനപ്രകാരം സഹകരണം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ മാത്രം വരുന്ന വിഷയമാണ്.

കേന്ദ്രസർക്കാരിന്റെ അതിതീവ്ര സ്വകാര്യവല്ക്കരണനയത്തിന്റെ ഫലമായി ലയനം വഴിയും നേരിട്ടുള്ള സ്വകാര്യവൽക്കരണം വഴിയും പൊതുമേഖലാ ബാങ്കുകളുടെ സേവനം സാധാരണക്കാർക്ക്, വിശേഷിച്ച് ഗ്രാമവാസികൾക്ക്, അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കർഷകരുടെയും കാർഷിക മേഖലയുടെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പൊതുവിൽ ദരിദ്രജനവിഭാഗങ്ങളുടെയാകെ ആശ്രയമായ സഹകരണമേഖലയിൽ കേന്ദ്രസർക്കാരിന്റെ ഭരണഘടനാതീതമായ ഇടപെടൽ സഹകാരികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. ബഹു. സുപ്രീംകോടതിതന്നെ സഹകരണരംഗത്ത് കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഭരണഘടനാതീതമെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്രസർക്കാർ പുതുതായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് വൈദ്യനാഥൻ കമ്മിറ്റി മുതൽ നടത്തിയ അധികാര ദുർവിനിയോഗം ആവർത്തിക്കുന്നതിനാണെന്ന് സംശയിക്കപ്പെട്ടപ്പോൾ സഹകരണം പൊതു പട്ടികയിലേക്ക് (കൺകറന്റ് ലിസ്റ്റ്) മാറ്റാൻ നീക്കം നടക്കുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സഹകാരികളുടെയും പൊതുജനങ്ങളുടെയാകെയും ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്നു.

സംസ്ഥാനത്തെ സഹകരണമേഖല കേവലം പണമിടപാടു സ്ഥാപനമല്ല. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, വ്യക്തിഗത ആവശ്യങ്ങളെ കൂട്ടായ്മകളിലൂടെ നേരിട്ടാൽ ദാരിദ്ര്യവും പട്ടിണിയുമില്ലാതാക്കാമെന്ന ആഗോള കാഴ്ചപ്പാടിനനുസൃതമായി പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് കേവലം വായ്പ ഇടപാട് മാത്രമല്ല, പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ഉന്നമനം, സ്ത്രീശാക്തീകരണത്തിന്റെ അടിത്തറയായ സാമ്പത്തിക സ്വയംപര്യാപ്തത ആർജ്ജിക്കാൻ വഴിതെളിക്കൽ, കൃഷിയെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കൽ, കാർഷികോല്പന്നങ്ങളുടെ വിപണനം, പൊതുവിപണിയിലെ വിലനിയന്ത്രണം തുടങ്ങി സമസ്തമേഖലയിലും ജനോപകാരപ്രദമായി പ്രവർത്തിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണച്ചുമതല, കെ.എസ്.ആർ. ടി.സി.യിൽ നിന്ന് വിരമിച്ചവർക്ക് വേണ്ടിവരുന്ന തുക വായ്പയായി നല്കുക, ബ്ലേഡ് പലിശക്കാരെ ഒഴിവാക്കാൻ 'മുറ്റത്തെ മുല്ല', പ്രളയത്തിൽ ഭവനരഹിതരായവർക്ക് കെയർഹോം പദ്ധതിയിലൂടെ സൗജന്യമായി വീട് നിർമ്മിച്ചു നല്കുക, ഓൺലൈൻ

പഠനത്തിന് വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിത വായ്പ നല്കുക, 'സുഭിക്ഷകേരളം', മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി, പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി വായ്പ തുടങ്ങി എല്ലാ മേഖലകളിലും സഹകരണസ്ഥാപനങ്ങൾ മികച്ച ഇടപെടൽ നടത്തുന്നു.

സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികാഭിലാഷങ്ങളിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് സഹകരണരംഗത്ത് കേന്ദ്രസർക്കാർ കടന്നുകയറ്റത്തിന് നടത്തുന്ന ശ്രമത്തിൽനിന്ന് പിന്തിരിയണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സാമ്പത്തിക സുസ്ഥിരത തകർക്കുന്ന ഫെഡറൽ വ്യവസ്ഥയ്ക്കെതിരായ നയങ്ങളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കാർഷികമേഖലയെ വരുതിയിലാക്കാനുള്ള വൻകിട കോർപ്പറേറ്റുകളുടെ ഗൂഢാലോചനയുടെ ഫലമാണ് സഹകരണമേഖലയിലേയ്ക്കുള്ള കടന്നുകയറ്റം. സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനങ്ങളെ കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റാനാണ് ശ്രമിക്കുന്നത്. സാധാരണക്കാർക്ക്

പലിശരഹിത വായ്പയും ചെറുകിട വായ്പയും കെയർഹോം വായ്പയും നൽകുന്നത് സഹകരണ സംഘങ്ങളാണ്. പുതിയ നിയമമനുസരിച്ച് സഹകരണ ബാങ്കുകളുടെ ആസ്തി വൻകിട കോർപ്പറേറ്റുകൾക്ക് തോന്നുംവിധം ഉപയോഗിക്കാനും റിസർവ് ബാങ്കിന് ഏതൊരു സഹകരണസംഘത്തിനെതിരെയും നടപടിയെടുക്കാനും സാധിക്കുമെന്നത് സഹകരണ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് കാരണമാകാം. ജനങ്ങൾക്കിടയിൽ അസമത്വമുണ്ടാക്കുന്ന, സാമ്പത്തിക സുസ്ഥിരതയ്ക്കും ഭരണഘടനയ്ക്കുമെതിരെയുള്ള ഈ കടന്നുകയറ്റത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്ന് സഭ ഒന്നടങ്കം ആവശ്യപ്പെടണം.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

<u>ശ്രീ. വി. ജോയി</u>: പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാന സഹകരണ രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്ന ഭരണപരമായ അധികാരങ്ങൾ കേന്ദ്രസർക്കാർ കൈവശപ്പെടുത്തിയിരിക്കുകയാണ്. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിക്കാനുള്ള അധികാരം മാത്രമാണ് നേരത്തെ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരുന്നത്. ലോകത്തിന് തന്നെ മാതൃകയാകുന്നവിധം നിരവധി

പദ്ധതികൾ നടപ്പിലാക്കിയ സംസ്ഥാന സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങളെ എതിർക്കണം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): പ്രമേയത്തിന്റെ ഉള്ളടക്കത്തോടും ചർച്ചയിലെ നിർദ്ദേശങ്ങളോടും യോജിക്കുന്നു. കേന്ദ്രസർക്കാർ നടപ്പിലാക്കിയ നിയമഭേദഗതി സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് കൂടുതലായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ടായാൽ നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥയുണ്ടാകുമെന്നതിനാൽ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. സഹകരണ പ്രസ്ഥാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുകയും സർവ്വകക്ഷിയോഗം വിളിച്ച് പ്രശ്നം നിയമപരമായി നേരിടുന്നതിനുള്ള നീക്കങ്ങൾ നടത്തുകയും ചെയ്യും. ആയതിനാൽ ഈ പ്രമേയം അംഗീകരിക്കേണ്ടതില്ല.

സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചു.

(സഭ രാവിലെ 11.50-ന് പിരിഞ്ഞു.)

*****